**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5312** **21-03-2025 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ അമിത വേഗതയും നിയമ ലംഘനവും തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വാഹനങ്ങളുടെ അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് Speed Violation Detection System (SVDS), Mobile Speed Violation Detection System (MSVDS) എന്നിവ വച്ച് നിലവിൽ നിയമലംഘനങ്ങൾ കണ്ടെത്തുന്നുണ്ട്. അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടില്ലെങ്കിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ വകുപ്പിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി കൂടുതൽ speed detection device കൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് Speed Limiting Device (SLD Unit) ഘടിപ്പിച്ചാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. BS IV, BS VI ശ്രേണിയിലുള്ള വാഹനങ്ങളിൽ വാഹന നിർമ്മാതാക്കൾ മുഖാന്തിരം Engine Management സിസ്റ്റത്തിൽ അനുവദനീയമായ വേഗപരിധി സെറ്റ് ചെയ്താണ് സർവ്വീസിന് ഉപയോഗിക്കുന്നത്.<br><br>മോട്ടോർ വാഹന നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തുകയും ഗുരുതരമായ കുറ്റകൃത്യം ചെയ്യുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതുമാണ്. പൊതുനിരത്തുകളിൽ കണ്ടുവരുന്ന ട്രാഫിക് കുറ്റകൃത്യങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് വീഡിയോ/ ഫോട്ടോ രൂപത്തിൽ മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിനും, അതുവഴി കുറ്റകൃത്യത്തിനെതിരെ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി എൻ.ഐ.സി. രൂപകൽപ്പന ചെയ്ത എം പരിവാഹൻ മൊബൈൽ ആപ്ലിക്കേഷനിൽ |

| | | | |
|---|---|---|---|
| | | | സിറ്റിസൺ സെന്റിനൽ എന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്. |
| (ബി) | കാതടപ്പിക്കുന്ന ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടിയെടുക്കാറുണ്ടോ; വിശദമാക്കാമോ; | (ബി) | നടപടി എടുക്കുന്നുണ്ട്. വാഹനങ്ങൾ ചെക്ക് ചെയ്യുന്ന സമയത്ത് ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുകയും ആയവയ്ക്ക് നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനു സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയിട്ടുണ്ട്. |
| (സി) | നിയമ ലംഘനം നടത്തുന്ന വാഹന ഉടമകൾക്കെതിരെയും ഡ്രൈവർമാർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | നിയമ ലംഘനങ്ങൾ നടത്തുന്ന വാഹന ഉടമകളിൽ നിന്ന് പിഴ ഈടാക്കാറുണ്ട്. ഗുരുതരമായ നിയമ ലംഘനം നടത്തുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കാറുണ്ട്.<br><br>നിയമലംഘനം നടത്തുന്ന KSRTC ഡ്രൈവർമാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷകൾ നൽകി വരുന്നു. കൂടാതെ അപകടങ്ങളെയും/അലക്ഷ്യമായ ഡ്രൈവിംഗിനെയും തുടർന്ന് ലൈസൻസ് സസ്പെന്റ് ചെയ്യുന്ന ഡ്രൈവർമാരെ IDTR പരിശീലനത്തിന് ശേഷം മാത്രമാണ് തുടർന്ന് ജോലിയ്ക്ക് നിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ